ജലവിതരണം കാര്യക്ഷമമാക്കാനുള്ള നടപടികൾ നടന്നുവരുന്നു. ഈ പ്രവൃത്തികൾ പൂർത്തിയാകുന്നതോടുകൂടി കരിമ്പിൻപുഴ വാർഡിലും ജലലഭ്യത കാര്യക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) കുണ്ടറ ജലവിതരണ പദ്ധതിയുടെ നവീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഉദ്ദേശം 6 മാസം കൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

64 [3207] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ കെ. ആർ. ഡബ്ല്യൂ. എസ്. എ. എസ്.-ൽ ഉൾപ്പെടുത്തി കോട്ടോപ്പാടം, പുതൂർ, തച്ചനാട്ടുകര പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്താൻ എം. എൽ. എ. അടക്കമുള്ള ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഒരു അടിയന്തിര യോഗം വിളിച്ചു ചേർക്കാൻ ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2003 ഡിസംബർ മാസത്തോടെ ആസൂത്രണ ഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന കോട്ടോപ്പാടം, പുതൂർ, തച്ചനാട്ടുകര എന്നീ പഞ്ചായത്തുകളിലെ കെ. ആർ. ഡബ്ല്യൂ. എസ്. എ. നടപ്പിലാക്കുന്ന ജലനിധി പദ്ധതി ഇപ്പോൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) ഈ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്താൻ എം. എൽ. എ. അടക്കമുള്ള ജനപ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക അവലോകന യോഗം ചേരാവുന്നതാണ്.

കുമരംപത്തൂർ കുടിവെള്ള പദ്ധതിയുടെ പുരോഗതി

65 [3208] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ കുമരംപത്തൂർ കുടിവെള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചുവരുന്നത്;

(സി) ഈ പദ്ധതി എന്നത്തേക്ക് പണി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കുമരംപത്തൂർ, പയ്യനാടം റിവ്ലേജുകൾക്കു വേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ കിണർ നിർമ്മാണം പുരോഗമിച്ചു വരുന്നു. മറ്റു ഘടകങ്ങളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. ജലശുദ്ധീകരണശാലയുടേയും ഉന്നതതലസംഭരണിയുടേയും നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങൾ ലഭ്യമാവാത്തതിനാൽ ലഭ്യമായ സ്ഥലങ്ങളുടെ കിടപ്പനുസരിച്ച് ബന്ധപ്പെട്ട ഘടകങ്ങളുടെ ഡീവിയേഷൻ പ്രൊപ്പോസൽ തയ്യാറാക്കിയത് പാലക്കാട് ഐ. പി. ഡി. ഡിവിഷൻ ആഫീസിൽ സൂക്ഷ്മ പരിശോധനയിലാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് കാലാകാലങ്ങളിൽ ടെക്നിക്കൽ മെമ്പർ, ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ അവലോകന യോഗങ്ങൾ നടത്തി വരുന്നു.

(സി) ഈ പദ്ധതി 2005 ജൂൺ മാസത്തിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

കുടത്താലുമ്മൽ ഐ. എച്ച്. ഡി. പി. കോളനി കുടിവെള്ള വിതരണ പദ്ധതി

66 [3209] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം പഞ്ചായത്തിലെ കുടത്താലുമ്മൽ ഐ. എച്ച്. ഡി. പി. കോളനി കുടിവെള്ള വിതരണ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ വേണ്ടി നാളിതുവരെ കൈക്കൊണ്ട നടപടികളെന്തൊക്കെയാണെന്ന് പറയാമോ;

(ഡി) ഈ പദ്ധതിയുടെ പണി എന്നത്തേക്ക് പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ പദ്ധതിയുടെ വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ മരാമത്തു പ്രവർത്തികളും പൂർത്തിയായിട്ടുണ്ട്.

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കാത്തതാണ് ആയതിനുള്ള കാരണം.

(സി) പ്രസ്തുത പദ്ധതിയുടെ വൈദ്യുതി കണക്ഷൻ ഒഴികെ എല്ലാ മരാമത്തു പ്രവർത്തികളും പൂർത്തിയായിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കുവാനായി 3,15,500 രൂപ ഒ. വൈ. ഇ. സി. തുകയായി 23-3-2003-ന് കെ. എസ്. ഇ. ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കുന്ദമംഗലം ഓഫീസിൽ ഡിമാന്റ് ഡ്രാഫ്റ്റായി അടച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ വേണ്ടി കെ. എസ്. ഇ. ബി. ആഫീസുമായി നിരന്തരം ബന്ധപ്പെട്ടു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly